**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**Email: ceekinfo.cee@kerala.gov.in**

**Phone : 0471 2525300**

## <u>വിജ്ഞാപനം</u>

## <u>കീം - 2024</u>

## <u>എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ടം അലോട്ട്മെന്റ്, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു.</u>

**2024**-ലെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ടം, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടികൾ **22.08.2024** ന് ആരംഭിച്ചു. ഈ അലോട്ട്മെന്റ് സർക്കാർ/സർക്കാർ കോസ്റ്റ് ഷെയറിംഗ്/സ്വയംഭരണ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാന ഘട്ട അലോട്ട്മെന്റായിരിക്കും. ഈ ഘട്ടത്തിലെ അലോട്ട്മെന്റിന്/പ്രവേശനത്തിന് ശേഷം ഒഴിവുള്ള എഞ്ചിനീയറിംഗ് സീറ്റുകൾ സർക്കാർ കോളേജുകളിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും, സർക്കാർ കോസ്റ്റ് ഷെയറിംഗ്/ സ്വയംഭരണ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അതാത് കോളേജുകളും സർക്കാർ ഉത്തരവുകളും പ്രോസ്പെക്ടസ് വ്യവസ്ഥകളും പാലിച്ച് സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നതായിരിക്കും.

### <u>എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്ക് പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.</u>

മൂന്നാം ഘട്ടത്തിൽ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേക്ക് പുതിയതായി ഓൺലൈൻ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എഞ്ചിനീയറിംഗ്/ഫാർമസി റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾക്ക്

**www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **22.08.2024 മുതൽ 26.08.2024, 11.59PM വരെ** ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**<u>ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഓപ്ഷൻ കൺഫർമേഷനും പുനഃക്രമീകരണവും</u>**

ആർക്കിടെക്ചർ കോഴ്സിന് മുൻഘട്ടത്തിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരുടെയും ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരുടെയും ഓപ്ഷനുകൾ ഈ ഘട്ടത്തിൽ പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതും ഓപ്ഷനുകൾ പുനഃക്രമീകരിക്കേണ്ടതും ആവശ്യമില്ലാത്തവ റദ്ദാക്കുകയും ചെയ്യേണ്ടതാണ്. പ്രസ്തുത സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **22.08.2024 മുതൽ 26.08.2024, 11.59PM വരെ** ലഭ്യമാണ്. ഒന്നാം ഘട്ടത്തിൽ അലോട്ടമെന്റ് ലഭിക്കുകയും എന്നാൽ **24.08.2024** ന് മുമ്പ് പ്രവേശനം നേടാതിരിക്കുകയും ചെയ്യുന്നവരുടെ ഓപ്ഷനുകൾ, അവർ ഓപ്ഷൻ കൺഫർമേഷൻ/ പുനഃക്രമീകരണം നടത്തിയാൽ പോലും, റദ്ദാകുന്നതാണ്. **26.08.2024, 11.59PM വരെ** ലഭിയ്ക്കുന്ന ഓപ്ഷനുകളെ അടിസ്ഥാനമാക്കി അലോട്ട്മെന്റ് **28.08.2024** ന് പ്രസിദ്ധീകരിക്കും.

മുൻ ഘട്ടങ്ങളിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരെയും, ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരെയും ഈ ഘട്ടത്തിലെ അലോട്ട്മെന്റിൽ പരിഗണിക്കണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ/കൺഫർമേഷൻ/ പുനഃക്രമീകരണം എന്നിവയിൽ ബാധകമായത് നിർബന്ധമായും നടത്തേണ്ടതാണ്.

മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ്/അഡ്മിഷൻ ലഭിക്കുകയും എന്നാൽ ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാതിരിക്കുകയും/കൺഫർമേഷൻ/ പുനഃക്രമീകരണം നടത്താതിരിക്കുകയും ചെയ്യുന്നവരുടെ മുൻ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും.

***<u>ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോളേജ്/കോഴ്സിൽ പ്രവേശനം നേടാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ ഘട്ടത്തിലെയും, ഈ ഘട്ടത്തിലെയും അലോട്ട്മെന്റുകൾ റദ്ദാകുന്നതാണ്. കൂടാതെ ഇവരുടെ ബന്ധപ്പെട്ട സ്ട്രീമിലെ എല്ലാ ഓപ്ഷനുകളും റദ്ദാകുന്നതാണ്</u>***.

**<u>ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്</u>**

എഞ്ചിനീയറിംഗ് പ്രവേശനത്തിനായി ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **2,000/-** രൂപ (രണ്ടായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന കോഴ്സിന്റെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എസ്.സി./എസ്.ടി/ഒ.ഇ.സി.ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ **G.O.(Ms.)No.25/2005/SCSTDD dated 20.06.2005, G.O.(Ms.)No.10/2014/BCDD dated 23.05.2014** എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി **500/-** രൂപ (അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ **Caution Deposit**-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്.

**<u>അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു.</u>**

| | |
|---|---|
| **22.08.2024** | എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനും ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/ പുനഃക്രമീകമീകരിക്കുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| **26.08.2024 11.59PM** | ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനും, ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/പുനഃക്രമീകമീകരിക്കുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **28.08.2024** | **താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| **29.08.2024** | **അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം** |

<u>പുതുതായി കൂട്ടിച്ചേർത്ത എഞ്ചിനീയറിംഗ് കോഴ്സ്</u>

| Sl.No | College Code | Name of College | Course | Seat |
|---|---|---|---|---|
| 1 | TKM | TKM College of Engineering, Kollam (Aided Autonomous) | Computer Science & Engineering (AI) | 60 |

<u>പുതുതായി കൂട്ടിച്ചേർത്തഫാർമസി കോളേജ്</u>

| Sl.No | College Code | Name of College | Courses | Seat |
|---|---|---|---|---|
| 1 | DPB | Department of Pharmaceutical Sciences, Cheruvandoor, Kottayam | B.Pharm | 60 |

**<u>ശ്രദ്ധയ്ക്ക്</u>**

1. എൻജിനീയറിങ്/ഫാർമസി കോഴ്സുകളിലേക്ക് പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്തവരെയും ആർക്കിടെക്ചർ കോഴ്സിലേക്ക് കൺഫർമേഷനും പുനഃക്രമീകരണവും നടത്താത്തവരെയും ഈ ഘട്ടത്തിലെ അലോട്ട്മെന്റിന് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
2. ***<u>എം ബി ബി എസ്/ബി ഡി എസ്/എൻജിനീയറിങ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നവർ അവർ ആഗ്രഹിക്കുന്ന മുൻഗണനാക്രമത്തിൽ തന്നെയാണ് ഓപ്ഷനുകൾ ക്രമീകരിച്ചിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.</u>***

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K
Date: 22-08-2024 22:26:07

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**22-08-2024**